ശ്രീ. കെ. എ. ദാമോദരമേനോൻ : പഴവർഗ്ഗങ്ങൾ ഏറ്റെടുത്തിട്ടുള്ള സൊസൈറ്റികൾക്കു ആ പഴവർഗ്ഗം സിൻെറ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്. അവർക്കു സംഖ്യ മടക്കി അടയ്ക്കുന്നതിനുള്ള തവണകാലം നീട്ടിക്കൊടുക്കുന്ന കാര്യം ഗവണ്മെൻറു് പരിഗണിക്കുന്നതാണു്.

കൃഷിഭൂമികൾ അളന്നു തിട്ടപ്പെടുത്തൽ

* 891. [32] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴത്തോപ്പു്, കൈതപ്പാറ, മണ്ണൂർക്കാട്ടു്, കുരുളി, കീരിത്തോടു് മുതലായി തൊടുപുഴതാലൂക്കിലെ വനത്തിലെ കൃഷിഭൂമികൾ ഇന്നു് അളന്നു തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണോ ;

(ബി) അതിർത്തി നിശ്ചയിക്കുന്നതിനു് കുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണു് ;

(സി) കുമതലപ്പെട്ട ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൽ പുറം അതിർത്തികൾ എങ്കിലും നിണ്ണയിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അതേ.

(ബി) തൃശ്ശൂർ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ബന്ധപ്പെട്ട ഡി. എഫ്. ഒ. എന്നിവരാണു്.

(സി) നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീമതി കുസുമം : ഇങ്ങനെ സർവ്വേ ചെയ്യുന്ന അവസരങ്ങളിൽ സർവ്വേ പാർട്ടിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ഹാജരില്ലാതിരിക്കുന്നതുകൊണ്ടു് സർവ്വേ പാർട്ടി മറുകൃഷിസ്ഥലങ്ങൾ പലതും വനഭൂമിയ്ക്കുകത്താക്കിയും താൽപര്യമുള്ളവരുടെ കൈവശമിരിക്കുന്ന ഭൂമി അവരുടെ കൈവശത്തിൽ കൊടുക്കുന്നരീതിയിലുമാണു് പുറം അതിർത്തികൾ സർവ്വേ ചെയ്യുവരുന്നതു്. അതുകൊണ്ടു് ഇതിനു കുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരെങ്കിലും ഒരാളുടെ മേൽനോട്ടത്തിൽ പുറം അതിർത്തി നിർണ്ണയിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങിനെ പൊതുവായ നിർദ്ദേശം കൊടുത്തിട്ടുണ്ടു് demarcation ൻെറ കുമതല മുൻപറഞ്ഞ ഉദ്യോഗസ്ഥന്മാക്കാണു്. അവരുടെ നിർദ്ദേശപ്രകാരവും മേൽനോട്ടത്തിലുമാണു് അതിർത്തി നിശ്ചയിക്കുന്നതു്.

PAPERS LAID ON THE TABLE †

Chief Minister (Shri R. Sankar) : Sir, I lay on the Table a copy of Notification G. O. (P No. 684/63/Edn. dated 8th October, 1963, issued by the Government under Section 36 of the Kerala Education Act, 1958 (Act6 of 1959) containing amendment to the Kerala Education Rules, 1959.

Minister for Industries and Local Administration : (**Shri K. A. Damodara Menon**) : Sir, I lay on the Table a copy of the Seventeenth Annual Report and Accounts of the Forest Industries (Travancore) Limited, Alwaye for the year ended 31st Mach 1963 together with the review of the working of the Comapany for the said period.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly